# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : *77 — 13/06/2012-ൽ മറുപടിക്ക്

## നോക്കുകൂലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) നോക്കുകൂലി നിർത്തലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ; | (എ) കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ നോക്കുകൂലി വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരമുള്ള ശിക്ഷാ നടപടികൾ കേരള ചുമട്ടു തൊഴിലാളി ബോർഡ് സ്വീകരിക്കുന്നുണ്ട്. കൂടാതെ നോക്കുകൂലി ആവശ്യപ്പെടുന്നതായി പരാതി ലഭിച്ചാൽ അസി.ലേബർ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ എന്നിവർ ഇടപെട്ട് അത് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |
| (ബി) ഏതെല്ലാം ജില്ലകളെയാണ് നോക്കുകൂലി വിമുക്തജില്ലകളായി പ്രഖ്യാപിച്ചിട്ടുള്ളത് ; | (ബി) തിരുവനന്തപുരം ജില്ലയിലെ കോർപ്പറേഷൻ പരിധിയിൽപ്പെട്ട പ്രദേശങ്ങൾ, എറണാകുളം ജില്ല എന്നിവയെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) മറ്റ് ജില്ലകളെക്കൂടി നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | (സി) മറ്റ് ജില്ലകളെക്കൂടി നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്വീകരിച്ചു വരികയാണ്. അത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രഖ്യാപനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ